**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 706** **14-10-2026-ൽ മറുപടിയ്ക്ക്**

**അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം പറമ്പിക്കുളത്തെ സുങ്കം, പൂപ്പാറ ഉന്നതികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

**മറുപടി:** അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം പറമ്പിക്കുളത്തെ സുങ്കം, പൂപ്പാറ ഉന്നതികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**സുങ്കം ഉന്നതി**

1. മഴവെള്ള സംഭരണത്തിനുള്ള ഡ്രെയിനേജ് ലൈൻ
2. മാലിന്യ സംസ്കരണത്തിനുള്ള കുഴി
3. സംരക്ഷണ ഭിത്തി
4. നടപ്പാത കോൺക്രീറ്റ് ചെയ്യൽ
5. കോമ്പൗണ്ട് മതിൽ അറ്റകുറ്റപ്പണി നടത്തൽ

**പൂപ്പാറ ഉന്നതി**

1. മഴവെള്ള സംഭരണത്തിനുള്ള ഡ്രെയിനേജ് ലൈൻ
2. സംരക്ഷണ ഭിത്തി
3. നടപ്പാത കോൺക്രീറ്റ് ചെയ്യൽ
4. ഷേക്കൽമൂടി നടപ്പാത
5. പി.വി.സി. പൈപ്പ് ഡ്രെയിനേജ്
6. ചാവടിപ്പുര കെട്ടിടം
7. വാലായ്മപുര കെട്ടിടം
8. കാർഷിക അഭിവൃദ്ധി
9. സോളാർ ലൈറ്റ്

**(ബി)** പ്രസ്തുത പദ്ധതിക്കായി തുക അനുവദിച്ചിട്ടുണ്ടോ; നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

**മറുപടി:** 20 ലക്ഷം രൂപ വീതം ആകെ 40 ലക്ഷം ഓരോ ഉന്നതിക്കും മൊബിലൈസേഷൻ അഡ്വാൻസ് ആയി 14/11/2024-ന് നിർവ്വഹണ ചുമതലയുള്ള പറമ്പിക്കുളം ഫോറസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ചിട്ടുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും ഏറ്റെടുക്കാത്തതിനാൽ പ്രവർത്തി ഇതുവരെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**